# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ. എം. പി .എം. 22/1405/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 29/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ. എം. പി .എം. 22/1405/2022 തീയ്യതി: 29/06/2022

## മലപ്പുറം ജില്ലയിലെ കീഴപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കീഴപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-03-2022 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുള്ള എ സി, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ മുഹമ്മദ് ഫസലുറഹ്മാൻ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ മുഹമ്മദ് നൗഷാദ് എ കെ, ഓഡിറ്റർ

കുമാരി. ഹുസ്ന വി സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി റൈഹാന ബേബി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 21-12-2020 |
| ശ്രീമതി സഫിയ എം സി | പ്രസിഡന്റ് | 22-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ നസീർ എൻ | സെക്രട്ടറി ഇൻ ചാർജ് | 01-04-2020 | 03-04-2020 |
| ശ്രീ മുരളീധരൻ പി | സെക്രട്ടറി | 04-04-2020 | 08-06-2020 |
| ശ്രീ നസീർ എൻ | സെക്രട്ടറി ഇൻ ചാർജ് | 09-06-2020 | 17-06-2020 |
| ശ്രീ. സുദേവൻ പിസി | സെക്രട്ടറി ഇൻ ചാർജ് | 18-06-2020 | 21-06-2020 |
| ശ്രീ ലോറസ് അന്റോണിയോ അൽമേഡ | സെക്രട്ടറി | 22-06-2020 | 21-10-2020 |
| ശ്രീ. സുദേവൻ പിസി | സെക്രട്ടറി ഇൻ ചാർജ് | 22-10-2020 | 08-11-2020 |
| ശ്രീ ലോറസ് അന്റോണിയോ അൽമേഡ | സെക്രട്ടറി | 09-11-2020 | 10-03-2021 |
| ശ്രീമതി അനിത കുമാരി പി | സെക്രട്ടറി ഇൻ ചാർജ് | 11-03-2021 | 31-03-2021 |
| ശ്രീമതി ഷഹന സി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ശ്യാം | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ അബ്ദുല്ല പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 02-02-2021 |
| ഡോ ഖാലിദി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 03-02-2021 | 31-03-2021 |
| ഡോ അബ്ദുൽ ഗഫൂർ എം പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ വിമൽ ബാബു എ കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ലിജിത എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 07-11-2020 |
| ശ്രീമതി ഹബീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 08-11-2020 | 31-03-2021 |
| ശ്രീമതി സജിനി ഒ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 12-06-2020 |
| ശ്രീ മുഹ്സിൻ മൊയ്തീൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 13-06-2020 | 16-11-2020 |
| ശ്രീമതി ഹസ്ന സി എച് | ഡയറി എക്സ്റ്റൻഷൻ | 17-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ അബൂബക്കർ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ ഗിരീഷ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ നസീർ എൻ | അസി. സെക്രട്ടറി | 01-04-2020 | 16-06-2020 |
| ശ്രീ. സുദേവൻ പിസി | അസി. സെക്രട്ടറി | 17-06-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 20-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 17-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം 2020-21 (ACR പ്രകാരം)<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 20-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 20-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 20-06-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 14-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 20-06-2022)<br>Last Updated By: A.C.Abdulla (Audit Officer, On 20-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 14-06-2022) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക-അപാകതകൾ.<br>Written By: Mohammed Noushad A K (Auditor, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-11 |
| 12 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: Husna (Auditor, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-12 |
| 13 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.<br>Written By: Husna (Auditor, On 20-06-2022)<br>Last Updated By: Husna (Auditor, On 20-06-2022) | 1-13 |
| 14 | ചെലവ് തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല<br>Written By: Mohammed Noushad A K (Auditor, On 19-06-2022)<br>Last Updated By: Mohammed Noushad A K (Auditor, On 20-06-2022) | 1-14 |
| 15 | പരിരക്ഷ വാഹനം ക്വട്ടേഷൻ - മതിയായ രേഖകളില്ലാത്ത വാഹനം വാടകക്കെടുത്തു<br>Written By: Mohammed Noushad A K (Auditor, On 19-06-2022)<br>Last Updated By: Mohammed Noushad A K (Auditor, On 20-06-2022) | 1-15 |
| 16 | വാഹനത്തിന് ഒരു ദിവസം രണ്ട് വാടക അനുവദിച്ചു<br>Written By: Mohammed Noushad A K (Auditor, On 19-06-2022)<br>Last Updated By: Mohammed Noushad A K (Auditor, On 20-06-2022) | 1-16 |
| 17 | മരുന്ന് ലഭ്യമായിട്ടില്ല.(ഹോമിയോ)<br>Written By: A.C.Abdulla (Audit Officer, On 20-06-2022)<br>Last Updated By: A.C.Abdulla (Audit Officer, On 20-06-2022) | 1-17 |

| | | |
|---|---|---|
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: A.C.Abdulla (Audit Officer, On 20-06-2022)<br>Last Updated By: A.C.Abdulla (Audit Officer, On 20-06-2022) | 1-18 |
| 19 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-19 |
| 20 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022) | 1-20 |
| 21 | നിശ്ചിത സമയത്തിനകം കരാർ ചമക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-21 |
| 22 | കുടിവെള്ള പദ്ധതി- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പലിച്ചിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-22 |
| 23 | ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022) | 1-23 |
| 24 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022) | 1-24 |
| 25 | പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022) | 1-25 |
| 26 | കൊത്തുപാറ റോഡ് പുനരുദ്ധാരണം ( 210/21 )<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022) | 1-25-1 |
| 27 | കവിലട തച്ചമ്പലത്ത് ചോലേരിക്കുന്ന് റോഡ് പുനരുദ്ധാരണം ( 213/21 )<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022) | 1-25-2 |
| 28 | ജി.എൽ.പി.എസ് പത്തനാപുരം ടോയ്‌ലറ്റ് ( 212/21 )<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022) | 1-25-3 |
| 29 | കുറുക്കംപുറത്ത് പള്ളിയാളി കിണർ നിർമ്മാണം (335/21) ₹ 9607 അധികച്ചെലവ്<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022) | 1-26 |
| 30 | ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-27 |
| 31 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കുറുക്കംപുറത്ത് പള്ളിയാളി കിണർ നിർമ്മാണം (335/21) ₹ 9607 അധികച്ചെലവ്<br>Written By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 20-06-2022) | 3-1 |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 12-06-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 18-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 20-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 18-06-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 18-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 18-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 14-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 20-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Husna (Auditor, On 12-06-2022)<br>Last Updated By: Husna (Auditor, On 20-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1), 24/03.2020 | 2(1), 18.02.2021 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2021 | 10.06.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9704397 |
| വരവ് | 68694116.03 |
| ആകെ | 78398513.03 |
| ചെലവ് | 64644312.03 |
| നീക്കിയിരിപ്പ് | 13754201.03 |

### 1-4 ഫണ്ട് വിനിയോഗം 2020-21 (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11011263 | 11011263 | 9787114 | 1224149 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5230348 | 5230348 | 5084854 | 145494 |
| വികസനഫണ്ട് ടി.എസ്.പി | 0 | 116438 | 116438 | 0 | 116438 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17414000 | 17414000 | 17393527 | 20473 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3456681 | 3456681 | 3451961 | 4720 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 8035768 | 8035768 | 5005574 | 3030194 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 3720000 | 3720000 | 557481 | 3162519 |
| ബി ഫണ്ട് | 0 | 51063640 | 51063640 | 51063640 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 310 | 80468067 | 235 | 52931635 | 7 | 68 | 75.8% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 288639 | 743423 | 1032062 | 1021879 | 10183 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1117992 | 1117992 | 1117992 | 0 |

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 164040 | 231 |
| കർഷകതൊഴിലാളി പെൻഷൻ | 9566100 | 505 |
| വിധവാപെൻഷൻ | 14735000 | 745 |
| വാർദ്ധക്യകാലപെൻഷൻ | 20523300 | 1130 |
| വികലാംഗപെൻഷൻ | 5560400 | 283 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 424800 | 23 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.22 ന് 10.00 Am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6289/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.
2.സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല.
3.അസിസ്റ്റന്റ് എഞ്ചിനീയർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.12.2021 മുതൽ 23.12.2021 വരെ | 04.2021 മുതൽ 11.2021 വരെ | 23.12.2021 |
| എ.ജി ഓഡിറ്റ് | 12.08.2010 മുതൽ 28.08.2010 വരെ | 2004-05 മുതൽ 2009-10വരെ | 03.08.2010 |

## 1-11 വാർഷിക ധനകാര്യ പത്രിക-അപാകതകൾ.

ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ യഥാസമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരം കെട്ടിട റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 124521/-രൂപയും ഡിമാന്റും കളക്ഷനുമുണ്ട്. രജിസ്റ്ററിൽ ഇത് സംബന്ധിച്ച സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

3) ലോൺ രജിസ്റ്ററിൽ 2020-21 ലെ വിവരങ്ങൾ രേഖപ്പെടുത്തുകയോ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ Rp 32, B5 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

4) സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കുകളുടെ മൂല്യം രേഖപ്പെടുത്തുന്നില്ല.

5) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം |
| തൻവർഷം | 3437403 | 3691598 | 3063944 | 3283722 | 378227 | 399270 |
| കടിശ്ശിക | 335850 | 335850 | 146604 | 151727 | 192454 | 193906 |

6) ആസ്തി രജിസ്റ്റർ ആസ്തികളുടെ വില ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായുള്ള വിഹിതത്തിൽ ആകെ 16002/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ B17 പ്രകാരം മേൽ ഉദ്ദേശത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ 14002/- രൂപയാണ് നീക്കിയിരിപ്പ്.

8) ACR/AFS, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ചുവടെ ചേർത്ത ഫണ്ടുകൾ - ചെലവ് , നീക്കിയിരിപ്പ് തുകകൾ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. സോഴ്സ് ഡിഡക്ഷൻ പ്രകാരമുള്ള ചെലവിന്റെ വിവരം ലഭ്യമാക്കാത്തതിനാൽ മേൽ വ്യത്യാസം പരിശോധിക്കാൻ കഴിഞ്ഞില്ല.

| ഫണ്ട് | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രാകരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രാകരം |
| വികസന ഫണ്ട്-ജനറൽ | 11116796 | 9787114 | -105533 | 1224149 |
| വികസന ഫണ്ട്- എസ്.സി.പി | 5202187 | 5084854 | 28161 | 145494 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 3487280 | 3451961 | -30599 | 4720 |

9) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള ഏതൊക്കെ സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളാണ് തനത് ഫണ്ടിൽ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് എന്നത് വ്യക്തമാക്കേണ്ടതും ആയവക്ക് എ സി ആർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

10) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം58 പ്രകാരമുള്ള കാലയളവ് അവസാനിക്കുമ്പോഴത്തെ ചുവടെ ചേർത്ത നടപടികൾ യഥാസമയം പാലിച്ചതായി കാണുന്നില്ല.

A) സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം സമാഹരിക്കുക

B) വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും.

C) സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന.

11) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം60 പ്രകാരമുള്ള, പ്രതിമാസ റസീപ്റ്റ്&പെയ്മെന്റ് പത്രിക സെക്രട്ടറി യഥാസമയം നിശ്ചിത ഫോറത്തിൽ തയ്യാറാക്കുകയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പരിശോധനക്കായി സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല.

12) MGNREGS ബാങ്ക് അക്കൗണ്ടിൽ (40139100109886) പാസ്സ്ബുക്ക് പ്രകാരം 11202/- രൂപയാണ് നീക്കിയിരിപ്പ്. എന്നാൽ വാർഷിക കണക്ക് RP40(b) പ്രകാരം ബാങ്ക് അക്കൗണ്ടിൽ 10183/- രൂപയാണ് നീക്കിയിരിപ്പ്. റിക്കൺസിലേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല.

13) 2019-20ൽ Advance To KSEB (460500202) നീക്കിയിരിപ്പ് 13642 രൂപയാണ് രേഖപ്പെടുത്തിയത്. എന്നാൽ 2020-21ൽ ഈ ഹെഡിൽ മുന്നിരിപ്പ് 94929/- രൂപയാണ് രേഖപ്പെടുത്തിക്കാണുന്നത്.

14) ഗ്രാമപഞ്ചായത്തിൽ ILGMS ൽ PDE (Past Data Entry ) ചെയ്ത ഫയൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സാംഖ്യയിലെയും ILGMS ആരംഭിച്ച സമയത്തെ ILGMS ലെയും വിവരങ്ങൾ പൂർണ്ണമായി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

15) ILGMS ലേക്ക് അക്കൗണ്ട് ചെയ്ത B1 ഷെഡ്യൂൾ 310900101-Excess Income Over Expenditure തുകയിൽ വ്യത്യാസം കാണുന്നുണ്ട്. ILGMS 16380713 രൂപയാണ് രേഖപ്പെടുത്തിയത്.

16) ILGMS AFSൽ അക്കൗണ്ട് ചെയ്ത B9 Other Liabilities -Pension Contribution Payable (NPS)(350110108) ഹെഡിൽ 51887/-രൂപ രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമായിട്ടില്ല.

17. ചുവടെ ചേർത്ത ഹെഡുകളിലെ തുകകൾ ILGMS ലേക്ക് അക്കൗണ്ട് ചെയ്തതായി കാണുന്നില്ല.

| ക്രമ നം | ഹെഡ് | തുക |
|---|---|---|
| 1 | RP 31-320300102 Grants Funds Contributions-Other | 73 |
| 2 | RP 31-320300103 Grants Funds Contributions-Other | 923 |

ILGMS ലേക്ക് അക്കൗണ്ട് ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 02/2020-21/18.06.2022 ന് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-12 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ 31-10-2017 ലെ ഭേദഗതി പ്രകാരം സ്ഥാപനങ്ങൾക്ക് അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് കണക്കാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിലെ അപേക്ഷകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപനം | ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | 7/30.03.20 | White Dental Art | 300 |
| 2 | 31/30.03.20 | RMS മെറ്റൽസ് കുറ്റൂളി | 1000 |
| 3 | 38/30.03.20 | Budget Homes കുറ്റൂളി | 500 |
| 4 | 39/30.03.20 | ലിമാറ്റ് ടൈൽസ് & സാനിറ്ററി കുറ്റൂളി | 2000 |
| 5 | 112/30.03.20 | Speed Offset & Printers Kutooli | 1000 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 03/15.06.2022 ന് നിലവിൽ മൂലധന നിക്ഷേപങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകളിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തി കൃത്യമായ ഫീസ് ഈടാക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.

1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനാണെങ്കിൽ റിട്ടേൺ സമർപ്പിക്കാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതും ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കൂടുതൽ ജോലിക്കാരുള്ളതായി അപേക്ഷയിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ഡിമാന്റ് ചെയ്തതായോ സ്ഥാപനം ആയവ സമർപ്പിച്ച വരുമാനത്തിനനസരിച്ചിട്ടുള്ള തൊഴിൽ നികുതി അടവാക്കിയതായോ കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ | സ്ഥാപനം | ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 1/26.03.20 | തൊട്ടുവിൽ ഹോളോബ്രിക്സ് | 3 |
| 2 | 7/30.03.20 | വൈറ്റ് ഡെന്റൽ ആർട്ട് | 6 |
| 3. | 34/30.03.20 | കല്ലായി Auto Shine | 4 |
| 4. | 39/30.03.20 | ലിമാറ്റ് ടൈൽസ് & സാനിറ്ററി കുറ്റൂളി | 3 |
| 5. | 48/30.03.20 | Brothers Engineering | 4 |
| 6. | 88/30.03.20 | മിദാദ് Drinking Water LLP മുറിഞ്ഞമാട് | 18 |
| 7. | 112/30.03.20 | Speed Offset Printers കുറ്റൂളി | 7 |
| 8. | 128/1.4.20 | അൽഫ ഹോളോബ്രിക്സ് കുനിയിൽ | 3 |
| 9. | 198/26.06.20 | Hi Point Fuels പത്തനാപുരം | 4 |
| 10 | 275/2.11.20 | Preethi Aiswarya ന്യട്രിമിക്സ് യൂണിറ്റ് | 10 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 04/15.06.22 ന് മേൽ പട്ടികയിലെ ക്രമ നമ്പർ 4, 6, 9 എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നിലവിൽ തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്നും മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈ വർഷം മുതൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ജോലിക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ആവശ്യപ്പെട്ട് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതികൾ ഈടാക്കി തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഇത്തരം സാധ്യതകൾ ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ചെലവ് തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ-പി.എച്ച്.സി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം വിവിധ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കെ.എം.എസ്.സി.എൽ-ന് പണം നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് തുകക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

1) 23/2020-21 പി.എച്ച്.സി-യിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ: : 2,00,000/-മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്

ചെലവ് വിവരം : 2,00,000/- , ബിൽ നമ്പർ 07/20-21/29.09.2020

പ്രൊഫോമ ഇൻവോയ്സ് നം. PRF2517/25.09.2020 ന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. എന്നാൽ ചുവടെ ചേർത്ത ഇൻവോയ്സ് നമ്പറുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായത്.

| ക്രമ നം | ഇൻവോയ്സ് നം/തിയ്യതി | തുക |
|---|---|---|
| 1 | 13283/17.02.2022 | 11280 |
| 2 | 6172/16.09.2021 | 22465 |
| 3 | 4253/30.07.2021 | 13729 |
| 4 | 4255/30.07.2021 | 18392 |
| 5 | 2568/05.03.2021 | 18198 |
| 6 | 29783/28.01.21 | 33557 |
| 7 | 30215/10.02.21 | 35104 |
| ആകെ | | 152725 |

ശേഷിക്കുന്ന 47275/- രൂപയുടെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

2) 21/2020-21 പരിരക്ഷ ദീർഘകാല രോഗീ പരിചരണം

അടങ്കൽ : 652400/-വികസന ഫണ്ട് ജനറൽ

ചെലവ് വിവരം : 619127/-

പദ്ധതിയുടെ വിവിധ ബില്ലുകളിലായുള്ള മേൽ ചെലവിൽ ബിൽ നം 05/20-21/26.08.2020 പ്രകാരമുള്ള 193925/- രൂപ പ്രൊഫോമ ഇൻവോയ്സ് നം. PRF2066 ന്റെ അടിസ്ഥാനത്തിലാണ് അനുവദിച്ചത്. എന്നാൽ ചുവടെ ചേർത്ത ഇൻവോയ്സ് നമ്പറുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായത്.

| ക്രമ നം | ഇൻവോയ്സ് നം/തിയ്യതി | തുക |
|---|---|---|
| 1 | 2001/30.05.2021 | 1031 |
| 2 | 2659/22.06.2021 | 5546 |
| 3 | 6162/15.09.2021 | 17519 |
| 4 | 6161/15.09.2021 | 21937 |
| 5 | 13300/17.02.2022 | 9751 |
| ആകെ | | 55784 |

ശേഷിക്കുന്ന 138141/- രൂപയുടെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.20/20.06.2022ന് മറുപടി ലഭ്യമായിട്ടില്ല.

## 1-15 പരിരക്ഷ വാഹനം ക്വട്ടേഷൻ - മതിയായ രേഖകളില്ലാത്ത വാഹനം വാടകക്കെടുത്തു

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-പി.എച്ച്.സി

പദ്ധതി : 21/2020-21 പരിരക്ഷ

ഗ്രാമപഞ്ചായത്തിലെ പരിരക്ഷ പദ്ധതി ആവശ്യത്തിനായി വാഹനം വാടകക്ക് എടുക്കുന്നതിന് പി.എച്ച്.സി MO 16.03.2020ന് 74/2020 നമ്പറായി ക്വട്ടേഷൻ നോട്ടീസ് പുറപ്പെടുവിച്ചതിൽ, കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ രേഖപ്പെടുത്തിയതും ഒരു ദിവസത്തേക്ക് 1000 രൂപ നിരക്ക് രേഖപ്പെടുത്തിയതുമായ ശ്രീ. മുഹമ്മദ് ഷരീഫ് കെ.ഇ എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ച് ( ഇത് സംബന്ധിച്ച ഭരണ സമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല) ടിയാന്റെ KL10 AL 3145 നമ്പർ വാഹനം വാടകക്ക് എടുത്ത് 2020-21 വർഷത്തിൽ പരിരക്ഷ ഹോം കെയറിനായി ഓടിയിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാഹനത്തിന്റെ വിശദാംശങ്ങൾ പരിവാഹൻ വെബസൈറ്റിൽ പരിശോധിച്ചതിൽ ടി വാഹനം ടാക്സി വാഹനമല്ല , പ്രൈവറ്റ് വാഹനമാണ് എന്നും, ഇത് , RTO മലപ്പുറത്തിന്റെ ബ്ലാക്ക് ലിസ്റ്റൽ ഉൾപ്പെട്ട വാഹനമാണെന്നും വാഹനത്തിന്റെ ഫിറ്റ്നസ്സ്, ഇൻഷുറൻസ്, പെർമിറ്റ്, പൊല്യൂഷൻ ഉടങ്ങിയ രേഖകളൊന്നും തന്നെ വാലീഡ് അല്ല എന്നും വർഷങ്ങൾക്ക് മുൻപ് കാലാവധി അവസാനിച്ചതാണെന്നും കാണുന്നു.

2) ക്വട്ടേഷൻ അംഗീകരിച്ച് കൊണ്ട് നൽകിയ അറിയിപ്പ് കത്തിൽ(74/20/31.03.2020) 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ ഉടമ്പടി വെക്കാനാവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അത്തരം കരാർ ഉടമ്പടി ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3) ക്വട്ടേഷൻ നോട്ടീസിൽ വാഹനത്തിന്റെ രേഖകൾ സംബന്ധിച്ച നിബന്ധനകൾ പരാമർശിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.19/20.06.2022ന് മറുപടി ലഭ്യമായിട്ടില്ല. ഭരണ സമിതി തീരുമാനം ലഭ്യമാക്കേണ്ടതും, വാലീഡായ/മതിയായ രേഖകളില്ലാത്ത സ്വകാര്യ വാഹനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് വാടക നൽകി വാഹനം ഉപയോഗിച്ചതുൾപ്പടെയുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-16 വാഹനത്തിന് ഒരു ദിവസം രണ്ട് വാടക അനുവദിച്ചു

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-പി.എച്ച്.സി

പദ്ധതി : 21/2020-21 പരിരക്ഷ, 408/2021 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിലെ പരിരക്ഷ പദ്ധതി ആവശ്യത്തിനായി വാഹനം വാടകക്ക് എടുത്ത KL 10 AL 3145 നമ്പർ വാഹനം, 11.07.2020ന് 9.30AM മുതൽ 4.30 PM വരെ പരിരക്ഷ ഹോം കെയറിനായിട്ട് ഓടിയിട്ടുണ്ട്. ആയതിന് 1000/- രൂപ വൗച്ചർ നമ്പർ 6 പ്രകാരം ടി പദ്ധതിയുടെ ചെലവിലുൾപ്പെട്ട 06/20-21/18.09.2020 നമ്പർ ബില്ലിലെ 70137 രൂപയിൽ നിന്നും വാടക അനുവദിച്ചിട്ടുണ്ട്.

എന്നാൽ 408/2021 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി മേൽ വാഹനം തന്നെ 11.07.2020ന് 11.AM മുതൽ 2.30 PM വരെ ഓടിയതായി കാണിച്ച് ടി പദ്ധതിയുടെ ചെലവിലുൾപ്പെട്ട 11/20-21/07.01.21 നമ്പർ ബില്ലിലെ 52100 രൂപയിൽ നിന്നും വൗച്ചർ നം. 19 പ്രകാരം 800 രൂപ വാടക വീണ്ടും മേൽ വാഹനത്തിന് തന്നെ അനുവദിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.18/20.06.2022ന് മറുപടി ലഭ്യമായിട്ടില്ല. ഒരു വാഹനം തന്നെ ഒരേ ദിവസം ഒരേ സമയത്ത് രണ്ട് ട്രിപ്പ് നടത്തിയതായി കാണിച്ച് ക്വട്ടേഷനിൽ കവിഞ്ഞ തുക വാടക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 മരുന്ന് ലഭ്യമായിട്ടില്ല.(ഹോമിയോ)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്റ്റ് (11/21) പ്രകാരം 175000/- രൂപ ഹോംകോ ആലപ്പുഴ -ക്ക് ബിൽ നം 29/12.01.21 പ്രകാരം നൽകിയിട്ടുണ്ട്.
എന്നാൽ തുക നൽകി നാളിതുവരെയായിട്ടും മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/17.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി ചുവടെ ചേർത്ത പ്രവൃത്തികൾക്ക് മുൻകൂർ ആയി തുക നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | ബിൽ നം./തീയ്യതി | മുൻകൂർ തുക |
|---|---|---|---|---|
| 1 | 79/21- വാലില്ലാപുഴ മൂത്തോട് ഭാഗത്തേക്ക് KWA പൈപ്പ് ലൈൻ നീട്ടൽ | KWA | 37/31.03.21 | 100000 |
| 2 | 234/21-അംഗനവാടികളിലേക്ക് കുടിവെള്ള കണക്ഷൻ നൽകൽ | KWA | 04/15.05.20 | 200000 |
| 3 | 246/21- വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ | KWA | 05/15.05.20 | 300000 |
| 4 | 323/21 പുലക്കുന്നത്ത് കോളനി KWA പൈപ്പ് ലൈൻ നീട്ടൽ (എസ് സി) | KWA | 36/31.03.21 | 200000 |

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി(7/17.06.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-19 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ നടത്തിപ്പ്

2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 209 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 161 പ്രൊജക്ടുകളിലായി ആകെ 31442767 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 209 | ആകെ അടങ്കൽ | 44250845 |
| നടപ്പിലാക്കിയത് | 161 | ചെലവ് | 31442767 |
| ശതമാനം | 77 | ചെലവ് ശതമാനം | 71 |

II-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാ നം തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III- ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.
പ്രൊജക്ട് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യു രജിസ്റ്റര്, സെക്യൂരിറ്റി രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. ഹാജറാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

1)കാഷ് ബുക്ക്

2020-21 കാലയളവിൽ കാഷ് ബുക്ക് എഴുതിയിട്ടില്ല. ഒരു ഓഫീസിന്റെ വരവുചെലവുകളുടെ അടിസ്ഥാന രേഖയായ കാഷ്ബുക്ക് എഴുതി സൂക്ഷിക്കാത്തത് ഗൗരവതരമായ അപാകതയാണ്. കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ച് പരിശോധനക്ക് ഹാജറാക്കേണ്ടതാണ്.

2)ടെണ്ടർരജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും , അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

3) സെക്യൂരിറ്റി രജിസ്റ്റർ

സെക്യൂരിറ്റി രജിസ്റ്റർ പരിശോധനക്ക് ഹാജറാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്ട് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ച് നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതേണ്ടതാണ്.

VI)ഫയലുകൾ ശരിയായി സൂക്ഷിക്കുന്നില്ല.

എഞ്ചിനിയറിംഗ് വിഭാഗം ഓരോ വർഷവും നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ ഫയലുകൾ ശരിയായി സൂക്ഷിക്കുന്നില്ല. തപാലുകൾ കാലക്രമത്തിൽ അല്ല ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഒരു അടിസ്ഥാനവുമില്ലാതെ വിവിധ പ്രൊജക്ട് ഫയലുകൾ കെട്ടിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്.

പ്രവൃത്തി ഫയലുകൾ കാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ ക്രമത്തിൽ പ്രത്യേകം നമ്പർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

VII)പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ

പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400002519 നമ്പർ അക്കൗണ്ടിൽ 15.06.2022 ന് ₹ 398922 യും അരീക്കോട് SBI യുടെ ശാഖയിലുള്ള 67097165521നമ്പർ അക്കൗണ്ടിൽ 15.06.2022 ന് ₹ 51662യും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. ഇതുകൂടാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനിയറുടെ ട്രഷറി അക്കൗണ്ടിൽ വരവ് വരാൻ ഇടയുള്ളൂ. എന്നാൽ ഇതിലധികം തുക ട്രഷറിഅക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്.

ഇ ടെണ്ടർ പ്രവൃത്തി കളുടെ ടെണ്ടർ ഫീ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലല്ല വരവ് വരുന്നത് എന്നതിനാൽ എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഏത്ഇനത്തിലാണ് എന്നതും കണ്ടെത്താനാവുന്നില്ല.

രണ്ട് അക്കൗണ്ടുകളിലുമായി ചെലവഴിക്കാൻഅവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് കണ്ടെത്തി അർഹരായവർക്ക് നൽകി വിവരം അറിയിക്കേണ്ടതും , വരവ് ചെലവ് വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 9/18.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 നിശ്ചിത സമയത്തിനകം കരാർ ചമക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല.

പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെയുള്ളതിൽ പൊതുമരാമത്ത് വകുപ്പിൽ തത്സമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്നും ഈ ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (ചട്ടം 18).

ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാർ യഥാസമയം കരാർ ചമച്ചില്ലെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ ഈ ചട്ടത്തിൽ പരാർശിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമമാണ് പാലിക്കേണ്ടത്.

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 ൽ ഇതുസംബന്ധിച്ച് താഴെ പറയുന്ന നടപടികളാണ് നിർദേശിക്കുന്നത്.

* തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് ഏഴ് ദിവസത്തിനകം സെലക്ഷൻ നോട്ടീസ് നൽകണം.

* സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് അയക്കുന്ന തിയ്യതിയാണ് കൈപ്പറ്റ് തിയ്യതിയായി കണക്കാക്കേണ്ടത്.

* സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴയില്ലാതെ കരാർ ചമക്കാം.

* നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുശേഷമുള്ള 10 ദിവസം ഒരു ശതമാനം പിഴയോടെ (കുറഞ്ഞത്

1000 പരമാവധി 25000 ) കരാർ ചമക്കാവുന്നതാണ്.

*പിഴയോടെ കരാർ ചമക്കേണ്ട തിയ്യതിക്കകം കരാർ ചമച്ചില്ലെങ്കിൽ സെലക്ഷൻ നോട്ടീസ് കാൻസൽ ചെയ്ത് കരാറുകാരന്റെ EMD പിടിച്ചുവച്ച് അടുത്ത കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ ആദ്യകരാറുകാരന്റെ നിരക്കിന് പ്രവൃത്തി ചെയ്യാൻ തയ്യാറാണോ എന്ന് അന്വേഷിച്ച് രേഖാമൂലം എഴുതി വാങ്ങേണ്ടതും തയ്യാറല്ല എങ്കിൽ പ്രവൃത്തി റി ടെണ്ടർ ചെയ്യേണ്ടതമാണ്.

ഇത്തരത്തിൽ റി ടെണ്ടർ ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം ആദ്യ കരാറുകാരനിൽ നിന്ന് ഈടാക്കാവുന്നതാണ് എന്നും മാന്വലിൽ നിർദേശിക്കുന്നുണ്ട്.

മേൽ കാര്യങ്ങളിൽ നിന്ന് താഴെ പറയുന്ന വസ്തുതകൾ വ്യക്തമാണ് .

ടെണ്ടർ അംഗീകരിച്ച് പരമാവധി 21 ദിവസത്തിനകം പിഴയില്ലാതെയും തുടർന്ന് 10 ദിവസം ഒരു ശതമാനം പിഴയോടെയും കരാർ ചമക്കാവുന്നതാണ്. അതിനു ശേഷം മാന്വലിൽ വ്യക്തമാക്കിയ മറ്റ് തുടർ നടപടികളാണ് സ്വീകരിക്കേണ്ടത്.

20-21 ൽ നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ കരാറുകാർപഞ്ചായത്തുമായി കരാർ ചമച്ചതിന്റെ വിവരം പരിശോധിച്ചതിൽ ഏതാനം പ്രവൃത്തികളിൽ കരാർ ചമക്കാൻ മേൽ പരാമർശിച്ച 21 ദിവസത്തിലധികം കാലതാമസമുണ്ടായിട്ടുണ്ട് എന്ന് വ്യക്തമായി. എന്നാൽ കരാർ ചമക്കാൻ വൈകിയതിന് ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല എ ന്നും വ്യക്തമായി. കൂടാതെ കരാറുകാർക്ക്നൽകുന്ന സെലക്ഷൻ നോട്ടീസ് തയ്യാറാക്കിയത് ഫയലിൽ കണ്ടെത്തി എങ്കിലും ഇത് കരാറുകാർക്ക് അയച്ചതിന്റെയോ കരാറുകാർ കൈപ്പറ്റിയതിന്റെയോ വിവരം മിക്ക ഫയലിലും ഇല്ല.

മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമക്കുന്നതിൽ സർക്കാർ നിർദ്ദേശിക്കുന്ന സമയക്രമം പൂർണ്ണമായി പാലിക്കുന്നതിന് നടപടിക് സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/18.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 കുടിവെള്ള പദ്ധതി- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പലിച്ചിട്ടില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾ നിർദേശിച്ചിട്ടുണ്ട്.

1. ജല ലഭ്യത ഉറപ്പുവരുത്തി വിദഗ്ധരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ജല സ്രോതസ്സ് തീരുമാനിച്ച ശേഷം മാത്രമെ കുടിവെള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാവൂ.
2. എല്ലാ കുടിവെള്ള പ്രൊജക്ടുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രൊജക്ടിൽ ഉൾപ്പെടുത്തണം, അതോടൊപ്പം പദ്ധതിയുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതിയുടെ ചുമതലയാണ് എന്നും പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യണം.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ തിയ്യതി 14.02.2018 നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള പദ്ധതികളുടെ സംരക്ഷണവും തുടർ നടത്തിപ്പും ഗുണഭോക്തൃ സമിതികൾ തന്നെ ഏറ്റെടുക്കേണ്ടതാണ് എന്നും അങ്ങനെ വ്യവസ്ഥചെയ്തതിന് ശേഷം കരാറിൽ ഏർപ്പെട്ട ശേഷമേ കുടിവെള്ള പ്രൊജക്ടുകളുടെ നിർവഹണം ഏറ്റെടുക്കാവൂ എന്നും നിർദ്ദേശിച്ചതാണ്.കൂടാതെ കുടിവെള്ള കിണർ, ടാങ്ക് എന്നിവ സ്ഥാപിക്കുന്ന സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടുകിട്ടിയതായിരിക്കുകയും വേണം.

എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി പഞ്ചായത്ത് 2020-21 ൽ നടപ്പാക്കിയ കുടിവെള്ള പദ്ധതികളിൽ മേൽ പരാമർശിച്ച നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നതായി കാണുന്നില്ല

| പ്രൊജക്ട് നം | പ്രവൃത്തി | ചെലവ് |
|---|---|---|
| 159 | തടപ്പറമ്പ് എസ് സി കുടിവെള്ള പദ്ധതി നവീകരണം | 93491 |
| 244 | പറക്കാട്കുന്ന് എസ്.സി കുടിവെള്ള പദ്ധതി നവീകരണം | 99030 |
| 245 | ഉമ്മരപ്പാറ പൊതുകിണർ കുടിവെള്ള വിതരണ പദ്ധതി (എസ്.സി) പുനരുദ്ധാരണം | 119000 |
| 345 | അൻവാർ നഗർ കുടിവെള്ള പദ്ധതി ടാങ്ക് പൂർത്തീകരണം | 99778 |
| 359 | ഇരുമാംകുന്ന് കുടിവെള്ള പദ്ധതി നവീകരണം | 148155 |
| 362 | തടപ്പറമ്പ് എസ്സി കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 104916 |
| | ആകെ ചെലവ് | 664370 |

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1) പുതിയ കുടിവെള്ള പദ്ധതികളിൽ ഗുണഭോക്തൃ സമിതി രൂപീകരിച്ചതിന്റെയോ , പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃകമ്മിറ്റികളെ ഏൽപിച്ചതിന്റെയോ രേഖകൾ ഇല്ല.

2) നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ/ വിപുലീകരണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃ കമ്മിറ്റിയുടെ അനുമതിയോ, അപേക്ഷയോ ഫയലിൽ കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ച് കമ്മിറ്റിക്ക് കൈമാറിയതിനും രേഖൾ ലഭ്യമല്ല.

3) പുതുതായി നടപ്പാക്കുന്ന കുടവെള്ള പദ്ധതികളുടെ ജല സ്രോതസ്സിലെ ജല ലഭ്യത പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് വ്യക്തമായ റിപ്പോർട്ട് ആദ്യമറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ വ്യക്തമാക്കി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 11/ 18.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല

2020-21 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( 12/18.06.2022 )

അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ ഉത്തരവനുസരിച്ച് അക്കൗണ്ട് ആരംഭിച്ചിട്ടും ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-24 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചയാത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്ത പ്രവൃത്തികളില് മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ടെണ്ടറിൽ ഉദ്യോഗസ്ഥൻ യാതൊരു സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല. ഏതാനും പ്രവൃത്തികളുടെ ടെണ്ടറുകളിൽ അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ കണ്ടത്തുകയും ചെയ്തു.

ടെണ്ടർ തുറക്കുമ്പോൾ ചട്ടപ്രകാരമുള്ള മുഴുവൻ നടപടികളും പാലിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/18.06.2022 ) മറുപടി ലഭ്യമാക്കിയില്ല.

## 1-25 പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിശ്ചിത നിരക്കിൽ പിഴ ഈടാക്കേണ്ടതാണെന്ന് കേരള PWD മാന്വലിലും ,തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലറിലും (സർക്കുലർ നം എ.സി2/223/15/LSGD Dt 18.08.2018) വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയതിൽ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും സർക്കാർ നിർദ്ദേശപ്രകാരമുള്ള പിഴ ഈടാക്കാതെ കരാറുകാർക്ക് പണം നൽകിയതായിവ്യക്തമായി.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് ആദ്യ മൂന്ന് മാസത്തിന് കരാർ തുകയുടെ 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കുന്നതാണെന്ന് എന്നാണ് പ്രവൃത്തി കരാറിൽ വ്യവസ്ഥ ചെയ്തത്.

കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുവെങ്കിൽ ഇക്കാര്യം വ്യക്തമാക്കി കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതും ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ സ്ഥാപനം സമയം ദീർഘിപ്പിച്ച് നൽകുകയുമാണ് ചെയ്യേണ്ടത്.

പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിനു കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത, പൂർത്തീകരണം വൈകിയ താഴെ പരാമർശിച്ച പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല.

### 1-25-1 കൊത്തുപാറ റോഡ് പുനരുദ്ധാരണം ( 210/21 )

Est No- 2018/85954

TS – 48798/2018-19 Dt 19.06.2018 ₹ 150000 (Cl – 37.25%)

പൂർത്തീകരണകാലയളവ്- 4 മാസം ( TS )

കരാറുകാരൻ- ശ്രീ കെ.ടി അബ്ദുസ്സലാം

കരാർ - 28/AE/LSGD/KZP Dt.03.12.2018 ( 11.11 % Below)

PAC – 133295.03

സൈറ്റ് കൈമാറിയത്- 03.12.2018

M Book – 57/19-20

പൂർത്തീകരിച്ചത്- 30.11.2019

ചെലവ് - ₹133177 ( 22000385/12.04.2020 )

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 02.04.2019 | 30.11.2019 | വൈകിയത് - 6മാസം 59 ദിവസം.<br>ഈടാക്കേണ്ട പിഴ - 5709<br>[03.04.2019 To 02.07.2019 @ 1% Of PAC – 1333<br>03.07.2019 To 02.10.2019@2% Of PAC – 2666<br>03.10.2019 To 30.11.2019 -59/92x@2% Of PAC - 1710 |

പ്രവൃത്തി വൈകിയതിനുള്ള പിഴ ₹ 5709 ഉത്തരവാദിയായ കരാറുകാരനിൽനിന്നോ അതിനു സാധിക്കാത്ത പക്ഷം പിഴ ഈടാക്കാതെ അവസാന ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 14/18.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-25-2 കവിലട തച്ചമ്പലത്ത് ചോലേരിക്കുന്ന് റോഡ് പുനരുദ്ധാരണം ( 213/21 )

Est No- 2018/124737

TS – 93070/2018-19 Dt 12.10.2018 ₹ 170000 (Cl – 37.25%)

പൂർത്തീകരണകാലയളവ്- 4 മാസം ( TS )

കരാറുകാരൻ- ശ്രീ കെ.ടി അബ്ദുസ്സലാം

കരാർ - 58/AE/LSGD/KZP Dt.01.01.2019 ( 13.17 % Below)

PAC – 146737.25

സൈറ്റ് കൈമാറിയത്- 01.01.2019

M Book – 52/19-20

പൂർത്തീകരിച്ചത്- 16.11.2019

ചെലവ് - ₹146737 ( 22000383/12.04.2020 )

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 30.04.2019 | 16.11.2019 | വൈകിയത് - 6മാസം 16 ദിവസം.<br>ഈടാക്കേണ്ട പിഴ - 4912<br>[01.05.2019 To 31.07.2019 @ 1% Of PAC – 1467<br>01.08.2019 To 31.10.2019@2% Of PAC – 2935<br>01.11.2019 To 16.11.2019 -16/92x@2% Of PAC - 510 |

പ്രവൃത്തി വൈകിയതിനുള്ള പിഴ ₹ 4912 ഉത്തരവാദിയായ കരാറുകാരനിൽനിന്നോ അതിനു സാധിക്കാത്ത പക്ഷം പിഴ ഈടാക്കാതെ അവസാന ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ

ഒടുക്കവരുത്തേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 14/18.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-25-3 ജി.എൽ.പി.എസ് പത്തനാപുരം ടോയ്‌ലറ്റ് ( 212/21 )

Est No- 2018/76357

TS – 54106/2018-19 Dt 26.06.2018 ₹ 150000 (Cl – 37.25%)

പൂർത്തീകരണകാലയളവ്- 6 മാസം ( TS )

കരാറുകാരൻ- ശ്രീ M അബ്ദുസ്സലീം

കരാർ - 24/AE/LSGD/KZP Dt.23.11.2018 ( Estimate Rate)

PAC – 146558.17

സൈറ്റ് കൈമാറിയത്- 23.11.2018

M Book – 105/18-19

പൂർത്തീകരിച്ചത്- 10.10.2019

ചെലവ് - ₹145149 ( ₹88944 (19-20), ₹ 56205 (22000402/12.04.20 )

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 22.05.2019 | 10.10.2019 | വൈകിയത് - 3മാസം 49 ദിവസം.<br>ഈടാക്കേണ്ട പിഴ - 3027<br>[23.05.2019 To 22.08.2019 @ 1% Of PAC – 1466<br>23.08.2019 To 10.10.2019@2% Of PAC X49/92 – 1561 |

പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കാതെ പണം നൽകിയത്മൂലമുള്ള നഷ്ടം പ്രവൃത്തി നടപ്പാക്കിയ കരാറുകാരനിൽ നിന്നോ പിഴ ഈടാക്കാതെ പണം നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി തിരികെ അടക്കേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 14/18.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-26 കുറുക്കംപുറത്ത് പള്ളിയാളി കിണർ നിർമ്മാണം (335/21) ₹ 9607 അധികച്ചെലവ്

2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ കുറുക്കംപുറത്ത് പള്ളിയാളി കിണർ നിർമ്മാണം (335/21) പ്രവൃത്തിയിൽ അളവ് തെറ്റായി രേഖപ്പെടുത്തിയത്മൂലം പഞ്ചായത്തിന് ₹ 9607 നഷ്ടം ഉണ്ടായി.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെയും ഓവർസിയറുടെയും സാനിദ്ധ്യത്തിൽ 17.06.2022 ന് പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ പ്രവൃത്തിയുടെ എം ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ വ്യത്യാസപ്പെട്ടാണ് പ്രവൃത്തി നടത്തിയത് എന്ന വ്യക്തമായി.

പരിശോധനയിൽ കണ്ടെത്തിയ വിവരം താഴെ നൽകുന്ന

1. കിണർ സ്റ്റെയിനിംഗ് കോൺക്രീറ്റിന്റെ പുറം ആരം (Outer Radius) 3 മീറ്റർ

നേരിൽ പരിശോധന നടത്തിയതനുസരിച്ച് ഈ പ്രവൃത്തിക്ക് ആകെ അനുവദനീയമായ കോൺക്രീറ്റ്, ഫോം വർക്ക് എന്നിവയുടെ വിവരം താഴെ നൽകുന്നു.

| ഇനം | നൽകിയത്. | അർഹമായത് | അധികം |
|---|---|---|---|
| സൈഡ് കോൺക്രീറ്റ് (Item 9) | 20.061 ക്യു.മീ @ 7809.67<br>156669.79 | 18.66 ക്യു.മീ @ 7809.67<br>145728.44<br>Kerb – 1.399<br>Staining – 15.974 ( 17x0.7x3.14x2.85x0.15 )<br>Kottathalam – 1.287 | 10941.35 |

| | | | |
|---|---|---|---|
| സൈഡ് ഫോം വർക്ക് ( Item 11) | 243.168 ച.മീ @ 278.11<br>67627.45 | 224.478 ച.മീ@ 278.11<br>62429.58<br>Kerb- 11.492<br>Staining – 112.098+ 100.888<br>( 17x0.7x3.14x3 + 17x0.7x3.14x2.70 ) | 5197.87 |
| | | ആകെ | 16139 |
| മൂല്യ നിർണ്ണയത്തിൽ ലിമിറ്റ് ചെയ്ത ₹7561 കുറവ് ചെയ്താൽ<br>GST ഉൾപ്പെടെ ആകെ അധികം നൽകിയത് (16139-7561) X112% ) | | | 9607 |

അളവ് രേഖപ്പെടുത്തിയതിലെ അപാകതമൂലം അധികച്ചെലവായ തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 8/ 17.06.2022 ) ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് പരാമർശം അംഗീകരിച്ചിട്ടുണ്ട്.

## 1-27 ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നില്ല

2020-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ വിവിധ ധനസഹായ പ്രൊജക്ടുകൾ താഴെ നൽകുന്നു

1. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം
2. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് കമ്പ്യൂട്ടർ നൽകൽ
3. എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം
4. എസ്.സി ഗാർഹിക കുടിവെള്ള കണക്ഷൻ
5. എസ്.സി വീട് വയറിംഗ്

മേൽ ആനുകൂല്യങ്ങൾ നൽകുന്നതിനനുവദിച്ച് പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിൽ ഈ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പ്രധാന നിബന്ധന ഒരിക്കൽ ആനുകൂല്യം നൽകിയവർക്ക് ആനുകൂല്യം നൽകാൻ പാടില്ല എന്നതാണ്.

20-21 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്ടുകൾപ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ മുമ്പ് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഉപയുക്തമാകുന്ന രീതിയിൽ മുൻവർഷങ്ങളിൽ ആനുകൂല്യങ്ങൾ നൽകിയവരുടെ വ്യക്തമായ വിവരം പഞ്ചായത്ത് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽത്തന്നെ മുൻ വർഷങ്ങളിൽ ആനുകൂല്യം നൽകിയവർക്ക് വീണ്ടും ഇത്തരം ആനുകാല്യങ്ങൾ നൽകുന്നില്ല എന്ന് നിർവഹണോദ്യോഗസ്ഥന് ഉറപ്പുവരുത്താനുമാവില്ല.

പഞ്ചായത്തിൽ നിന്ന് മുൻവർഷങ്ങളിൽ വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ കൈപ്പറ്റിയവർ അതേ ആനുകല്യം വീണ്ടും കൈപ്പറ്റുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിൽ പഞ്ചായത്ത് അവലംബിക്കുന്നത് എന്ന് വ്യക്തമാക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്ന് മുൻവർഷങ്ങളിൽ വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്ററുകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 16/18.06.2022 ) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

## 1-28 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

20-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (16/21) എന്ന പ്രൊജക്ട് പ്രകാരം ലാപ്ടോപ്പ് കമ്പ്യൂട്ടർ വിതരണം ചെയ്യുന്നതിന് ₹ 326748 കേരള സംസ്ഥാന ഐ.ടി മിഷന് നൽകിയിട്ടുണ്ട്. ( Bill No - 2015095202560l155190/25.02.2021 )

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
1) ലാപ്പ്ടോപ്പിന് അധികം വില നൽകി.

കമ്പ്യൂട്ടർ വിതരണം ചെയ്ത് KELTRON ലഭ്യമാക്കിയ Invoice പ്രകാരം 12 ലാപ്ടോപ്പ് കമ്പ്യൂട്ടർ ന് ആകെ ₹ 314492 മാത്രമെ ചെലവ് വന്നിട്ടുള്ളൂ. അധികമായി നൽകിയ ₹ 12256 രൂപ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
2)അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് ലാപ്പ്ടോപ്പ് നൽകി

വിതരണം ചെയ്ത കമ്പ്യൂട്ടറുകളിൽ ഒരെണ്ണം കൈപ്പറ്റിയ സുകന്യ എൻ D/o ബാബുരാജൻ നെല്ലേരിമ്മൽ ഹൗസ് എന്ന വിദ്യാർത്ഥിനി ധന്വന്തരി ഇൻസിറ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് തൊടുപുഴ എന്ന സ്ഥാപനത്തിൽ ഒരു വർഷത്തെ

ആയുർവേദ നഴ്സിംഗ് ഡിപ്ലോമ കോഴ്സ് പൂർത്തീകരിച്ച എന്ന സാക്ഷ്യപത്രമാണ് അപേക്ഷയോടൊപ്പം ഹാജറാക്കിയിട്ടുള്ളത്. ഹാജരാക്കിയ രേഖ പ്രകാരം പ്രസ്തുത കോഴ്സ് നടത്തുന്നത് ധന്വന്തരി എജ്യൂക്കേഷനൽ& ചാരിറ്റബ്ൾ സൊസൈറ്റി എന്ന സ്ഥാപനമാണ്. ഈ സ്ഥാപനം നടത്തുന്ന പ്രസ്തുത കോഴ്സിന് സർക്കാറിന്റെയോ ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെയോ അംഗീകാരം ഉള്ളതായി സാക്ഷ്യപത്രത്തിൽ കാണുന്നില്ല.

അംഗീകാരമില്ലാത്തതും, യൂനിവേഴ്സിറ്റി അഫിലിയോഷൻ ഇല്ലാത്തുമായ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് കംപ്യൂട്ടർ നൽകിയത് അംഗീകരിക്കാനാവില്ല.

അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് നൽകിയ ലാപ്ടോപ്പ് കംപ്യൂട്ടറിന്റെ വില ₹ 27229 തടസ്സം ചെയ്യുന്നു.

മേൽ സ്ഥാപനത്തിന് ആയുർവേദ നഴ്സിംഗ് ഡിപ്ലോമ കോഴ്സ് നടത്തുന്നതിന് സർക്കാരിന്റെ അനുമതി ലഭിച്ചതിന്റെയും, കോഴ്സിന് അംഗീകാരം ലഭിച്ചതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 17/18.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുറുക്കംപുറത്ത് പള്ളിയാളി കിണർ നിർമ്മാണം (335/21) ₹ 9607 അധികച്ചെലവ്

2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ കുറുക്കംപുറത്ത് പള്ളിയാളി കിണർ നിർമ്മാണം (335/21) പ്രവൃത്തിയിൽ അളവ് തെറ്റായി രേഖപ്പെടുത്തിയത്മൂലം പഞ്ചായത്തിന് ₹ 9607 നഷ്ടം ഉണ്ടായി.

പള്ളിയാളി കിണർ നിർമ്മാണം (335/21)

TS No – 94828/2019-20 Dt 07.12.2019 ₹ 400000 (31.06% Cost Index )

കരാറുകാരൻ - ശ്രീമതി ഖദീജ KP

കരാർ - 89/AE/LSGD/KZP Dt 25.02.2020 ( എസ്റ്റിമേറ്റ് നിരക്ക് )

എം ബുക്ക് - 100/19-20

മൂല്യ നിർണ്ണയം - 364612.76 Limited To 357051.67

ചെലവ് -399898 ( 2015095202520070683/09.11.2020)

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെയും ഓവർസിയറുടെയും സാനിദ്ധ്യത്തിൽ 17.06.2022 ന് പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമായി.

1. കിണർ സ്റ്റെയിനിംഗ് കോൺക്രീറ്റിന്റെ പുറം ആരം (Outer Radius) 3 മീറ്റർ

നേരിൽ പരിശോധന നടത്തിയതനുസരിച്ച് ഈ പ്രവൃത്തിക്ക് ആകെ അനുവദനീയമായ കോൺക്രീറ്റ്, ഫോം വർക്ക് എന്നിവയുടെ വിവരം താഴെ നൽകുന്നു.

| ഇനം | നൽകിയത്. | അർഹമായത് | അധികം |
|---|---|---|---|
| സൈഡ് കോൺക്രീറ്റ് (Item 9) | 20.061 ക്യൂ.മീ @ 7809.67<br>156669.79 | 18.66 ക്യൂ.മീ @ 7809.67<br>145728.44<br>Kerb – 1.399<br>Staining – 15.974 ( 17x0.7x3.14x2.85x0.15 )<br>Kottathalam – 1.287 | 10941.35 |
| സൈഡ് ഫോം വർക്ക് ( Item 11) | 243.168 ച.മീ @ 278.11<br>67627.45 | 224.478 ച.മീ@ 278.11<br>62429.58<br>Kerb- 11.492 | 5197.87 |

| | | | |
|---|---|---|---|
| | | Staining – 112.098+ 100.888<br>( 17x0.7x3.14x3 + 17x0.7x3.14x2.70 ) | |
| | | ആകെ | 16139 |
| മൂല്യ നിർണ്ണയത്തിൽ ലിമിറ്റ് ചെയ്ത ₹7561 കുറവ് ചെയ്താൽ<br>GST ഉൾപ്പെടെ ആകെ അധികം നൽകിയത് (16139-7561) X112% ) | | | 9607 |

അളവ് രേഖപ്പെടുത്തിയതിലെ അപാകതമൂലം അധികച്ചെലവായ തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 8/17.06.2022 ) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് പരാമർശം അംഗീകരിച്ചിട്ടുണ്ട്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1250000 | ലൈഫ് മിഷൻ ഭവന പദ്ധതി 284/21 | 1250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 166566 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പഠന സഹായം-62/21 | 166566 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20000 | ജനകീയം ഹോട്ടൽ സഹായം100/21 | 20000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 698748 | ജനകീയം ഹോട്ടൽ സഹായം100/21 ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ 328/21 | 698748 | 0 |
| ജില്ലാ പഞ്ചായത്ത് | 128000 | ലൈഫ് മിഷൻ ഭവന പദ്ധതി 284/21 | 128000 | 0 |
| ജില്ലാ പഞ്ചായത്ത് | 489900 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പഠന സഹായം-62/21 | 489900 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 253/21 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 55/21 | 300000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ബിൽ/ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | പെരുങ്കടവ് ഓത്തുപള്ളിപുറായി റോഡിൽ നിന്നും ലൈഫ് ഭവന പദ്ധതി പ്രദേശത്തു നിന്നും ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(402/21) | 22000283/30.01.21<br>22000284/30.01.21 | 64982 | 64982 | പൂർത്തീകരിച്ച | 0 |
| KSEB | കെ എം മുനീർ സ്റ്റേഡിയം വൈദ്യുതി ലൈൻ സ്ഥാപിക്കൽ(250/21) | 07/15.05.2020 | 55000 | 55000 | പൂർത്തീകരിച്ച. | 0 |
| KWA | വാലില്ലാപ്പുഴ മുത്തേട് | 37/31.03.21 | 100000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 100000 |

| | | | | | | |
|---|---|---|---|---|---|---|
| | ഭാഗത്തേക്കുള്ള KWA പൈപ്പ് ലൈൻ നീട്ടൽ(79/21) | | | | | |
| KWA | അംഗനവാടികളിലേക്ക് കുടിവെള്ള കണക്ഷൻ (234/21) | 4/15.05.20 | 200000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 200000 |
| KWA | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ(246/21) | 5/15.05.20 | 300000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 300000 |
| KWA | പുലക്കുന്നത്ത് കോളനി KWA പൈപ്പ് ലൈൻ നീട്ടൽ(323/21) | 36/31.03.21 | 200000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 200000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി-KURDFC | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 0 | 2503772 | 527215 | 0 | 1976557 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 37 | 2002-03 | VII.1.10(i) | തനത് ഫണ്ട് വൗച്ചർ ഹാജരാക്കിയില്ല. തുക.45000 | നടപടികൾ തുടർന്നുവരുന്നു |
| “ | 38 | “ | VII.1.10(ii) | ഉപാധിരഹിത ഫണ്ട് വിനിയോഗ ക്രമക്കേടുകൾ തുക. 36952 | ” |
| “ | 40 | “ | VII.1.10(iii) | തയ്യൽ മെഷീൻ വിതരണം അപാകതകൾ. തുക. 55250 | ” |
| “<br>1999-2000 | 41<br>11 | “<br>2004-05 | VII.1.10(iv)<br>3.10.1(ii) | തറമ്മൽ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി 75804 രൂപ<br>കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക. 229340 | ” |
| 2000-01 | 15 | 2004-05 | “ | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക. 196967 | ” |
| 1999-2000 | 15 | 2004-05 | 3.1.10.1(13) | വൈദ്യുതീകരണം-പോസ്റ്റ് വില 1.17 ലക്ഷം കൺവീനർമാർക്ക് നൽകി | ” |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2(3),2(4) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | „ |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2001-02, 02-03, 03-04 | 2-5(part) | ശ്രീ. ഇ.വി പരമേശ്വരൻ, യു.ഡി.സി, തദ്ദേശ സ്വയംഭരണ വകുപ്പ്. | LF15758/Spl.Cell/SC/D1/2010/09.01.12 | 18738/- | -- | -- | -- | ലഭ്യമാക്കേണ്ടതാണ്. | -- | 18738/- |
| 2 | 2001-02, 02-03, 03-04 | 2-5(part) | ശ്രീ. മധുസൂദനൻ, യു.ഡി.സി, തദ്ദേശ സ്വയംഭരണ വകുപ്പ്. | LF15758/Spl.Cell/SC/D1/2010/09.01.12 | 9773/- | -- | -- | -- | -- | -- | 9773/- |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക( രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1999-2000 | 2-4 | കെ. നാരായണ പിള്ള, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF16724/Spl.cell/(sc5)/05/06-07-09 | 27350/- | -- | -- | -- | -- | -- | 27350/- |
| 2 | 2011-12, 12-13 | 3-18 | ശ്രീ. മുഹമ്മദ് സി, ഹെഡ്മാസ്റ്റർ, വിദ്യഭ്യാസ വകുപ്പ് | KSA11218/Spl.cell/SC/D1/16/08.01.18 | 16000/- | 16000/- (4144/20.03.17) | -- | -- | -- | 16000/- | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78398513.03 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64644312.03 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9607 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27229 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗ പ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4804 | ശ്രീ. ഗിരീഷ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 4803 | ശ്രീ.ശരീഫ് ഉമ്മിണിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| ആകെ | | 9607 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 27229 | ശ്രീ.സുദേവൻ പി സി, അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഗിരീഷ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കീഴുപറമ്പ ഗ്രാമപഞ്ചായത്ത് | പുൽപറമ്പിൽ വീട്, ഈസ്റ്റ് വാഴൂർ (പിഒ) ,വാഴൂർ, 673633 |
| ശരീഫ് ഉമ്മിണിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനിയർ | അസി.എക്സി.എഞ്ചിനിയർ അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്. | ഉമ്മിണിയിൽ വീട്, കുറ്റൂളി, വാലില്ലാപുഴ (പി.ഒ), മലപ്പുറം-673639 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1992-93,1993-94 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 3 | |

| | | | |
|---|---|---|---|
| 1994-95 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 3 | |
| 1995-96 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 2 | |
| 1996-97 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 5 | |
| 1997-98 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 11 | |
| 1998-99 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 20 | |
| 1999-2000 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 17 | |
| 2000-01 | എൽ.എഫ്.എം.6/961/13 തി:30.01.2014 | 9 | |
| 2001-02 | എൽ.എഫ്.എം.6/961/13 തി:30.01.2014 | 2 | |
| 2002-03 | എൽ.എഫ്.എം.15/99/08 തി:06.12.2008 | 2 | |
| 2003-04 | എൽ.എഫ്.എം.6/961/13 തി:05.01.2014 | 9 | |
| 2004-05 | എൽ.എഫ്.എം.15/2298/08 തി:24.04.2009 | 10 | |
| 2005-06 | എൽ.എഫ്.എം.6/408/15 തി:19.05.2015 | 9 | |
| 2006-07 | എൽ.എഫ്.എം.15/940/10 തി:01.11.2010 | 12 | |
| 2007-08, 2008-09, 2009-10 | എൽ.എഫ്.എം.6/1614/12 തി:12.07.2012 | 21 | |
| 2010-11 | എൽ.എഫ്.എം.6/1771/13 തി:31.05.2014 | 12 | |
| 2011-12,12-13 | എൽ.എഫ്.എം.6/1110/15 തി:29.08.2016 | 14 | |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം.6/2113/16 തി. 24-08-2017 | 28 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/3458/16 തി. 19-04-2018 | 14 | |
| 2016-17 | കെ.എസ്.എ.എം.പി.എം22/2003/2017 തി.04-10-2017 | 13 | |
| 2017-18 | കെ.എസ്.എ.എം.പി.എം22/213/2017 തി.30-07-2019 | 20 | |
| 2018-19 | കെ.എസ്.എ.എം.പി.എം 22/438/2020 തി28.09.20 | 12 | |
| 2019-20 | കെ.എസ്.എ.എം.പി.എം 22/818/22 തി 03.06.2022 | 23 | |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്